പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 345 — 10.04.2013-ൽ മറുപടിയ്ക്ക്

## ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ആധുനിക സംവിധാനങ്ങളുള്ള അറവുശാലകളുടെ അഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അറവുശാലകളിലെ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും ജലാശയങ്ങളിലും തള്ളപ്പെടുന്നതുമൂലമുള്ള പാരിസ്ഥിതിക-ആരോഗ്യപ്രശ്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | അറവുശാലകളിലെ മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും ജലാശയങ്ങളിലും തള്ളുന്ന പ്രശ്നം ശ്രദ്ധയിൽ വന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നവീന അറവുശാലകൾ സ്ഥാപിക്കാനുള്ള നടപടികളും നിലവിലുള്ള അറവുശാലകളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ മാലിന്യം തള്ളുന്നതു മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | അനധികൃത കശാപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും കേരള പഞ്ചായത്തീരാജ് ആക്ടിലേയും ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാതെയും ലൈസൻസില്ലാതെയും അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയവ അടച്ചുപൂട്ടാനും അവർക്കെതിരെ നടപടി സ്വീകരിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കശാപ്പ് തടയുന്നതിനായി ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശനമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം അനധികൃത അറവുശാലകളും ഇറച്ചിവിൽപന കേന്ദ്രങ്ങളും അടച്ചുപൂട്ടാനും ലൈസൻസില്ലാത്ത |

| | | | |
|---|---|---|---|
| | | | ആർക്കും കശാപ്പിന് അനുവാദം നൽകരുതെന്നും കശാപ്പ് ചെയ്യുന്നത് ശരിയാംവണ്ണം ലൈസൻസുള്ള വ്യക്തികൾ മാത്രമാണെന്ന് ഉറപ്പു വരുത്തണമെന്നും കശാപ്പ് ചെയ്യുന്ന സ്ഥലത്ത് ഇറച്ചിവിൽപന അനുവദിക്കരുതെന്നും ലൈസൻസുള്ള പൊതു കശാപ്പുശാലകൾ സ്ഥാപിക്കുന്നതു വരെ പബ്ലിക് മാർക്കറ്റിൽ മാംസ വിപണനാവകാശം ലേലം ചെയ്തു നൽകരുതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന അറവുശാലകളോ ലൈസൻസുള്ള അറവുശാലകളോ ഒഴികെയുള്ള സ്ഥലങ്ങളിൽ മൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നത് നിരോധിച്ചിട്ടുമുണ്ട്. എല്ലാ തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളിലെ വഴിയോരങ്ങളിലും ഓടകളിലും, തോടുകളിലും പുഴകളിലും മാംസാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിന് വേണ്ട നടപടി കൈക്കൊള്ളണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഡി) | ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ ആരംഭിക്കുന്നതിന് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഇതിനുവേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷൻ വഴിയും സാമ്പത്തിക സഹായം പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നഗരകാര്യ ഡയറക്ടറേറ്റ് വഴിയും നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്. 21 നഗരസഭകളിലും 15 ഗ്രാമപഞ്ചായത്തുകളിലും നവീന അറവുശാലകൾ ഉണ്ടാക്കാനുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായം ശുചിത്വ മിഷനിൽ നിന്നും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**